# അനുബന്ധം 1

# ദൈവത്തിന്റെ പരിവർത്തന പദ്ധതി

*“അവസാനം എല്ലാം ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചിരിക്കുന്നു. രക്ഷയുടെ ലക്ഷ്യവും നിലനിർത്തുന്ന ശക്തിയും രക്ഷയുടെ ഉറവിടവും അവന്റെ കൃപയാണ്.”*

ഒരു പാപി ക്രിസ്ത്യാനിയായിത്തീരുവാൻ തിരഞ്ഞെടുക്കുമ്പോൾ ദൈവം എന്തു ചെയ്യും? ഒരു പാപിയെ രക്ഷയിലേക്കു കൊണ്ടുവരുമ്പോൾ ദൈവിക പ്രവൃത്തി എന്താണ്? ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് നാം ചേരുമ്പോൾ ദൈവം എന്തു ചെയ്യുമെന്നു മനസ്സിലായാൽ, ആ “പ്രത്യേക തുടക്കത്തെ” നാം “ക്രിസ്തുവിലേക്കുള്ള പരിവർത്തനം” എന്നു വിളിക്കുന്നതു നമ്മുടെ അനുമോദനത്തെ വർദ്ധിപ്പിക്കും.

ഒരാൾ ക്രിസ്ത്യാനിയായിത്തീരുമ്പോൾ ദൈവം ചെയ്യുന്ന പ്രവൃത്തികൾ താഴെ വിവരിക്കുന്നതു ശ്രദ്ധയോടെ പഠിക്കുക. ഓരോ പ്രവൃത്തിയുടേയും പേരിനുനേരെ ചുരുങ്ങിയതു ഒരു വാക്യമെങ്കിലും ആ പ്രവൃത്തിയെ സൂചിപ്പിക്കുന്നതു നല്കിയിട്ടുണ്ട്. ചിലതിനു അസംഖ്യം വാക്യങ്ങൾ നല്കിയിട്ടുണ്ട്, എന്നാൽ പ്രവൃത്തി നടന്നു എന്നു കാണിക്കുവാൻ ഒരു വാക്യം മതിയാകും. ഒരാൾ ക്രിസ്ത്യാനിയാകുമ്പോൾ, ദൈവം ചെയ്ത വ്യത്യസ്ത പ്രവൃത്തികളോ/അല്ലെങ്കിൽ അതിനോടു ബന്ധമുള്ള പ്രവൃത്തികളോ ഉൾപ്പെട്ടു നമ്മുടെ ദൈവം നാല്പത്തി - രണ്ടു വ്യത്യസ്ത പ്രവൃത്തികൾ ചെയ്യുന്നുണ്ട്. വ്യക്തമായും ചിലതു ഒരു കാര്യം തന്നെ മറ്റൊരു രീതിയിൽ പറയുന്നതാകാം. ഈ സന്ദർഭത്തിൽ, പ്രവൃത്തികൾ തമ്മിലുള്ള വ്യത്യാസം നന്നായി എടുത്തു കാണിച്ചിട്ടില്ല. അവൻ തന്റെ ഭവനമായ, സഭയിലേക്കു നമ്മെ ക്ഷണിക്കുമ്പോൾ, ദൈവം ചെയ്യുന്ന പ്രവൃത്തികൾ തിരുവെഴുത്തിലൂടെ കാണിക്കുകയാണ് ഈ ലിസ്റ്റിന്റെ

ഉദ്ദേശം. ആ പ്രവൃത്തികളുടെ ലക്ഷ്യം, നമുക്കു ഏതാണ്ടു ഒന്നു കണ്ണോടിക്കാം.

(1) **ക്രിസ്തുവിനെ നമ്മുടെ രക്ഷകനായി അയച്ചിരിക്കുന്നു.**
തിത്തൊസ് 3:5, 6
"തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത് ... നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന്നു പുനർജ്ജനന സ്നാനംകൊണ്ടും യേശുക്രിസ്തു മൂലം നമ്മുടെ മേൽ പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ."

(2) **നമ്മെ ഏക ശരീരത്തിലേക്കു കൊണ്ടു വന്നിരിക്കുന്നു.**
1 കൊരിന്ത്യർ 12:13
"യഹൂദന്മാരോ, യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു."

(3) **നാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.**
ഗലാത്യർ 3:27
"ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു."

(4) **ക്രിസ്തുവിന്റെ മരണത്തിന്റെ ഉപകാരങ്ങൾ നമുക്കു ലഭിക്കുന്നു.**
റോമർ 6:3
"അല്ല, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?"

(5) **നാം ദൈവത്താൽ ജനിക്കപ്പെട്ടവർ.**
1 യോഹന്നാൻ 5:1
"യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു."

(6) **നാം ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടിരിക്കുന്നു.**
വെളിപ്പാട് 1:5, 6
"... വിശ്വസ്ത സാക്ഷിയും നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ [ക്രിസ്തു] രക്തത്താൽ വിടുവിച്ചു, ... തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും. ആമേൻ."

(7) **നാം രക്ഷിക്കപ്പെട്ടു.**

മർക്കൊസ് 16:16

“വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.”

(8) **നാം പാപം മോചിക്കപ്പെട്ടു.**

കൊലൊസ്യർ 1:13, 14

“നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും അവനിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്.”

(9) **നാം ദൈവ സന്നിധിയിൽ നീതീകരിക്കപ്പെട്ടു.**

റോമർ 3:23, 24

“ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സു ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു.”

(10) **നാം വീണ്ടെടുക്കപ്പെട്ടു.**

എഫെസ്യർ 1:7

“അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പു ഉണ്ട്.”

(11) **പാപത്തിന്റെ അടിമത്വത്തിൽ നിന്നു നാം വിടുവിക്കപ്പെട്ടു.**

റോമർ 6:17, 18

‘‘എന്നാൽ നിങ്ങൾ പാപത്തിനു ദാസന്മാർ ആയിരുന്നു എങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതു കൊണ്ടു ദൈവത്തിനു സ്തോത്രം.”

(12) **നാം വേർതിരിക്കപ്പെട്ടു അല്ലെങ്കിൽ വിശുദ്ധീകരിക്കപ്പെട്ടു.**

1 കൊരിന്ത്യർ 6:11

“നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.”

(13) **നാം ദൈവമക്കളായി ദത്തെടുക്കപ്പെട്ടിരുന്നു.**

എഫെസ്യർ 1:5

“നമ്മെ അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കുകയും

ചെയ്തിരിക്കുന്നു."

(14) **നാം ആത്മീയമായി ജീവിപ്പിക്കപ്പെട്ടു.**
എഫെസ്യർ 2:5
"അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ, [ദൈവം] ജീവിപ്പിക്കയും (കൃപയാലല്ലൊ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു)."

(15) **ക്രിസ്തുവിൽ വെച്ചിരിക്കുന്നു.**
എഫെസ്യർ 2:6
"പിന്നെ [ദൈവം] നമ്മെ അവനോടുകൂടെ ഉയർപ്പിച്ചു സ്വർഗ്ഗത്തിൽ ക്രിസ്തു നമ്മെ ഇരുത്തുകയും ചെയ്തിരിക്കുന്നു."

(16) **നാം ദൈവകൃപ സ്വീകരിക്കുന്നവർ.**
എഫെസ്യർ 2:8, 9
"കൃപയാലല്ലൊ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു; ആരും പ്രശംസിപ്പാൻ പ്രവൃത്തികളും കാരണമല്ല."

(17) **നാം ദൈവത്തോടു നിരപ്പിക്കപ്പെട്ടു.**
കൊലൊസ്യർ 1:19, 20
"അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി; ..."

(18) **നാം ക്രിസ്തുവിൽ ഒന്നാക്കപ്പെട്ടു.**
എഫെസ്യർ 2:14–16
"അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി ന്യായപ്രമാണം എന്ന ശത്രുത്വം ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞതു ... സമാധാനം ഉണ്ടാക്കി കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി ഇരുപക്ഷത്തെയും ഏകശരീരത്തിൽ തന്നോടു നിരപ്പിപ്പാനും തന്നേ, ..."

(19) **നാം പുതുസൃഷ്ടികളാക്കപ്പെട്ടു.**
2 കൊരിന്ത്യർ 5:17
"ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ അതു പുതുതായി

തീർന്നിരിക്കുന്നു.”

(20) **നാം ദൈവത്തിന്റെ അവകാശികൾ ആക്കപ്പെട്ടു.**

റോമർ 8:17

‘‘നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു, ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശി കളും തന്നേ, നാം അവനോടു കൂടെ തേജസ്ക്കരിക്കപ്പെടേണ്ട തിനു അവനോടു കൂടെ കഷ്ടം അനുഭവിച്ചാലത്രേ.”

(21) **നാം ദൈവം വസിക്കുന്നവരാകപ്പെട്ടു.**

**ആത്മാവു വസിക്കുന്നവർ**

ഗലാത്യർ 4:6

“നിങ്ങൾ മക്കൾ ആകകൊണ്ടു, ‘അബ്ബാ! പിതാവേ!’ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു.”

**ദൈവം വസിക്കുന്നവർ**

1 യോഹന്നാൻ 4:15

“യേശു ദൈവ പുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു.”

**ക്രിസ്തു വസിക്കുന്നവർ**

യോഹന്നാൻ 14:23

“യേശു അവനോടു, ‘എന്നെ സ്നേഹിക്കുന്നവൻ, എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും.’”

(22) **എല്ലാ ആത്മികാനുഗ്രഹങ്ങളും നമുക്കു നല്കപ്പെട്ടിരിക്കുന്നു.**

എഫെസ്യർ 1:3

“സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെ ട്ടവൻ.”

(23) **നാം ദൈവ രാജ്യത്തിലെ പൗരന്മാർ ആക്കപ്പെട്ടു.**

യോഹന്നാൻ 3:3

“യേശു അവനോടു, ‘ആമേൻ, ആമേൻ, ഞാൻ നിന്നോടു പറ യുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയില്ല എന്നു ഉത്തരം പറഞ്ഞു.’”

(24) **നമ്മെ നാശത്തിൽ നിന്നു കൊണ്ടു വന്നു.**

റോമർ 8:1

"അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല."

(25) **നമുക്കു ദൈവത്തോടും, ക്രിസ്തുവിനോടും, ആത്മാവിനോടും കൂട്ടായ്മ നല്കപ്പെട്ടിരിക്കുന്നു.**

1 യോഹന്നാൻ 1:3

"ഞങ്ങൾ കണ്ടും കേട്ടും ഉള്ളത് നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടും അറിയിക്കുന്നു; ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടും ആകുന്നു."

(26) **നാം തുടർച്ചയായ ശുദ്ധീകരണത്തിലേക്കു പ്രവേശിക്കുന്നു.**

1 യോഹന്നാൻ 1:7

"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

(27) **നാം ദൈവ സ്വഭാവത്തിനു കൂട്ടാളികൾ ആകുമാറായി.**

2 പത്രൊസ് 1:4

"അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞു ദിവ്യ സ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇട വരുന്നു."

(28) **നമുക്കു ജീവനുള്ള പ്രത്യാശ നല്കപ്പെട്ടിരിക്കുന്നു.**

1 പത്രൊസ് 1:3

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യ പ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി വീണ്ടും ജനിപ്പിച്ചിരിക്കുന്നു."

(29) **നമ്മെ ദൈവത്തിന്റെ സംരക്ഷണത്തിലേക്കു കൊണ്ടുവന്നിരിക്കുന്നു.**

1 പത്രൊസ് 1:3-5

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യ പ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി ...

സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി വീണ്ടും ജനിപ്പിച്ചിരിക്കുന്നു."

(30) **നമുക്കു ദൈവത്തിൽ നിന്നു നിയമപരമായി സമാധാനം നല്കി.**
റോമർ 5:1
"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്."

(31) **ദൈവത്തിന്റെ ദിവസേനയുള്ള സമാധാനത്തിനുള്ള വഴി നമുക്കു നല്കിയിരിക്കുന്നു.**
ഫിലിപ്പിയർ 4:7
"എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും."

(32) **ക്രിസ്തുവിനെ നമ്മുടെ കാര്യസ്ഥനായി നല്കിയിരിക്കുന്നു.**
1 യോഹന്നാൻ 2:1
"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്."

(33) **നിത്യ ജീവൻ നല്കിയിരിക്കുന്നു.**
1 യോഹന്നാൻ 5:12
"പുത്രൻ ഉള്ളവന്നു ജീവൻ ഉണ്ട്; പുത്രൻ ഇല്ലാത്തവനു ജീവൻ ഇല്ല."

(34) **സ്വർഗ്ഗീയദാനം ആസ്വദിക്കുവാൻ നമുക്കു നല്കിയിരിക്കുന്നു.**
എബ്രായർ 6:4-6
"ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനം വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിച്ചവർ, ..."

(35) **നമ്മുടെ പേർ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു.**
ലൂക്കൊസ് 10:20
"എങ്കിലും ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ."

(36) **നാം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാകുന്നു.**
എഫെസ്യർ 1:4

"നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ട തിനു അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തിരഞ്ഞെടുക്കയും ... ."

(37) **നമ്മുടെ ഹൃദയങ്ങൾ വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെടുന്നു.**
പ്രവൃത്തികൾ 15:9
"വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചതിനാൽ നമുക്കും അവർക്കും തമ്മിൽ ഒരു വ്യത്യാസവും വെച്ചിട്ടില്ല."

(38) **നമ്മുടെ മനസ്സാക്ഷിയെ നിർജ്ജീവ പ്രവൃത്തികളിൽ നിന്നു നിർമ്മലീകരിച്ചു.**
എബ്രായർ 10:22
"നാം ദുർമനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ട വരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാ സത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക."

(39) **നമ്മെ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും അടുക്കൽ കൊണ്ടു വന്നിരിക്കുന്നു.**
എഫെസ്യർ 2:13
"മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തു യേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി ത്തീർന്നു."

(40) **പഴയ പാപ മനുഷ്യനിൽ നിന്നു നാം ആത്മിയ പരിഛേദന ഏറ്റിരിക്കുന്നു.**
കൊലൊസ്യർ 2:11, 12
"അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡ ശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിഛേദനയും ലഭിച്ചു. സ്നാനത്തിൽ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴു ന്നേല്ക്കു കയും ചെയ്തു."

(41) **പരിശുദ്ധാത്മ വാഗ്ദാനത്താൽ നമ്മെ മുദ്രയിട്ടിരിക്കുന്നു.**
എഫെസ്യർ 1:13
"അവനിൽ, നിങ്ങൾക്കും – നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള വിശ്വാസവും, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടു നമ്മുടെ അവകാശ ത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."

(42) **ക്രിസ്തുവിനെ നമുക്കു അറിയിച്ചിരിക്കുന്നു.**

യോഹന്നാൻ 14:21

"എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു എന്നെത്തന്നെ വെളിപ്പെടുത്തും."

# അനുബന്ധം 2

# പരിവർത്തനത്തിൽ മനുഷ്യന്റെ പ്രവൃത്തി

*"ദൈവകൃപ സ്വീകരിക്കുവാൻ പ്രതികരിക്കണം എന്ന കാര്യത്തിൽ എല്ലാവരും സമ്മതിക്കും പ്രതികരണം നടത്തണം എന്ന കാര്യത്തിൽ ചിലർ വിസമ്മതിച്ചേക്കാം. പരിഹാരം ഉണ്ടോ? ഉണ്ട്. എന്തു പ്രതികരണമാണ് എടുക്കേണ്ടതെന്നറിയുവാൻ നാം ബൈബിളിനെ അനുവദിക്കണം."*

ഒരു ക്രിസ്ത്യാനിയാകുവാൻ ഒരു പാപി എന്തു പ്രവൃത്തിയാണ് ചെയ്യേണ്ടത്? രക്ഷയും ദൈവ കൃപയും ലഭിക്കുവാൻ അയാൾ എന്തു ചെയ്യണം?

എങ്ങനെ ക്രിസ്ത്യാനിയായിത്തീരുമെന്നു പുതിയ നിയമം നിർദ്ദേശിച്ചിരിക്കുന്നവയെ "പ്രവൃത്തികൾ" അല്ലെങ്കിൽ "നടപടികൾ," എന്നു വിളിക്കാം. സുവിശേഷത്തോടുള്ള ഈ പ്രതികരണത്തിൽ, ദൈവിക പ്രവൃത്തിയിൽ പാപിക്കു രക്ഷ കിട്ടുന്നു. പാപി രക്ഷാനടപടിയിലൂടെ കടന്നു പോകുകയല്ല. നമ്മുടെ രക്ഷയുടെ ഉറവിടം, ദൈവമാണ് എന്നതു വാസ്തവമാണ്, ദൈവമാണ് രക്ഷിക്കുന്നതു, പക്ഷെ ദൈവത്തിൽ നിന്നു പാപി രക്ഷ *സ്വീകരിക്കുകയും* അതിൽ നടക്കുകയും ചെയ്യണം.

ഈ പ്രവൃത്തികളുടെ ലിസ്റ്റ് ശ്രദ്ധയോടെ പഠിക്കുക. ആ പ്രവൃത്തി നടന്നിരുന്നു എന്നു കാണിക്കുന്നതിനു ഓരോന്നിന്റേയും താഴെവാക്യം കൊടുത്തിട്ടുണ്ട്. ഈ ലിസ്റ്റിൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പ് നാം സ്വീകരിക്കുമ്പോൾ ഉൾപ്പെടുന്നതായ പതിനാലു വ്യത്യസ്ത നടപടികൾ/ അല്ലെങ്കിൽ പ്രവൃത്തികൾ നാം ചെയ്യേണ്ടതായി പറഞ്ഞിട്ടുണ്ട്. ഈ ലിസ്റ്റിനെ രണ്ടായി തിരിച്ചിരിക്കുന്നു - പൊതുവായ പ്രതികരണവും പ്രത്യേക പ്രതികരണവും ആണ് അത്. ഓരോ പ്രതികരണവും, വ്യക്തമായും ഒന്നിനു മുകളിൽ മറ്റൊന്നായിട്ടായിരിക്കും.

ദൈവശ്വാസിയ എഴുത്തുകാരൻ ചിലപ്പോൾ ഒരു വ്യക്തി അല്ലെങ്കിൽ പ്രത്യേക നടപടി ഒരു സിനെക് ഡോക്ക് ആയി, എല്ലാറ്റിനുമായി ഒരു ഭാഗത്തെ എടുത്തു കാണിക്കുന്നു. ഉദാഹരണമായി, "വിശ്വാസം" എന്ന വാക്ക് മനുഷ്യർ രക്ഷക്കു എടുക്കേണ്ട പ്രതികരണങ്ങൾ മുഴുവനും ഉൾപ്പെടുന്നതാണ്. ഇതു ചെയ്യുമ്പോൾ "വിശ്വാസം" എന്നു എഴുത്തുകാരൻ മനുഷ്യരുടെ മൊത്തം അനുസരണത്തേയും ചുരുക്കി പറയുകയാണ്. ഒരു പ്രവൃത്തി അത്തരത്തിൽ ഉപയോഗിക്കുമ്പോൾ, ആലങ്കാരികമായി പാപി എടുക്കേണ്ട എല്ലാ പ്രതികരണ പ്രവൃത്തികളും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു പ്രവൃത്തിയിൽ മറ്റെല്ലാ പ്രവൃത്തികളും മനസ്സിലാക്കണം അത്തരത്തിൽ ഒരു പ്രവൃത്തി ഉപയോഗിച്ചിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

### ***പൊതുവായ പ്രതികരണങ്ങൾ***

(1) **നാം ക്രിസ്തുവിന്റെ അടുക്കലേക്കു വരണം.**

മത്തായി 11:28–30

"'അദ്ധ്വാനിക്കുന്നവരും ഭാരം - ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു.'"

വെളിപ്പാട് 22:17

"'വരിക, എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും വരിക എന്നു പറയട്ടെ; ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ.'"

(2) **നാം നമ്മെത്തന്നെ രക്ഷിക്കണം.**

പ്രവൃത്തികൾ 2:40

"മറ്റു പല വാക്കുകളാലും അവൻ സാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു, 'ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു!'"

(3) **നാം അനുസരിക്കണം.**

റോമർ 6:17, 18

"എന്നാൽ നിങ്ങൾ ദൈവത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതു കൊണ്ടു ദൈവത്തിനു സ്തോത്രം."

(4) **നാം വചനം കൈക്കൊള്ളണം.**

പ്രവൃത്തികൾ 2:41
"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു."

(5) **നാം വചനത്തിൽ നിലനില്ക്കണം.**
യോഹന്നാൻ 8:31, 32
"തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു, 'എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാർ ആകും; സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.'"

(6) **നാം പാപസംബന്ധമായി മരിക്കണം.**
റോമർ 6:1, 2
"ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? ഒരു നാളും അരുത്! പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ?"

(7) **നാം പുതിയ മനുഷ്യനെ ധരിക്കണം.**
കൊലൊസ്യർ 3:10
"[തന്നെ] സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതു മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലൊ."

## പ്രത്യേക പ്രതികരണങ്ങൾ

(1) **നാം ദൈവവചനം ശ്രദ്ധിക്കണം.**
പ്രവൃത്തികൾ 18:8
"പള്ളി പ്രമാണിയായ ക്രിസ്പൊസ് തന്റെ സകല കുടുംബത്തോടും കൂടെ കർത്താവിൽ വിശ്വസിച്ചു; കൊരിന്ത്യരിൽ അനേകർ വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു."

റോമർ 10:17
"വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു."

**കേൾക്കുന്നതു പരിശോധിക്കുക**
പ്രവൃത്തികൾ 17:11
"അവർ തെസ്സലൊനിക്യയിലുള്ളവരേക്കാൾ ഉത്തമ - ന്മാരായിരുന്നു, അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതങ്ങനെ തന്നെയോ എന്നു ദിനം

പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു."

1 തെസ്സലൊനിക്യർ 5:21
"സകലവും ശോധന ചെയ്തു; നല്ലതു മുറുകെ പിടിപ്പിൻ."

**നാം എങ്ങനെ കേൾക്കുന്നു എന്നതു ശ്രദ്ധിച്ചു കൊൾക.**
മത്തായി 7:24
"'ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്ന വൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു.'"

മത്തായി 13:9
"'ചെവിയുള്ളവൻ, കേൾക്കട്ടെ.'"

(2) **നാം വിശ്വസിക്കണം.**
റോമർ 5:1
"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്."

**ദൈവത്തിൽ**
എബ്രായർ 11:6
"എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല, ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും വിശ്വസിക്കേണ്ടതല്ലോ."

**ക്രിസ്തുവിൽ**
യോഹന്നാൻ 3:16
"'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.'"

(3) **നാം മാനസാന്തരപ്പെടണം.**
പ്രവൃത്തികൾ 11:18
"അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു, 'അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലൊ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി.'"

പ്രവൃത്തികൾ 17:30
"എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസ്സാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു."

2 പത്രൊസ് 3:9
"ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസ്സാന്തരപ്പെടുവാൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു."

(4) **നാം വീണ്ടും ജനിക്കണം.**

പ്രവൃത്തികൾ 2:38
"പത്രൊസ് അവരോടു, 'നിങ്ങൾ മാനസ്സാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.'"

പ്രവൃത്തികൾ 3:19
"ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസ്സാന്തരപ്പെട്ടു തിരിഞ്ഞു കൊൾവിൻ എന്നാൽ കർത്താവിന്റെ സമ്മുഖത്തു നിന്നു ആശ്വാസ കാലങ്ങൾ വരികയും ചെയ്യും."

(5) **നാം ക്രിസ്തുവിനെ ഏറ്റു പറയണം.**

റോമർ 10:10
"ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും, വായ്കൊണ്ടു രക്ഷക്കായി ഏറ്റുപറയുകയും ചെയ്യുന്നു."

1 യോഹന്നാൻ 4:15
"യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ, ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു."

(6) **നാം സ്നാനം ഏല്ക്കണം.**

പ്രവൃത്തികൾ 22:16
"'ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളയുക എന്നു പറഞ്ഞു.'"

1 പത്രൊസ് 3:21, 22
"അതു സ്നാനത്തിനു ഒരു മുൻകുറി, സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല – ദൈവത്തോടു നല്ല – മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു. അവൻ സ്വർഗ്ഗത്തിലേക്കു പോയി ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന്നു കീഴ്പ്പെട്ടിരിക്കുന്നു."

(7) **നാം ദൈവത്തെ വിളിച്ചപേക്ഷിക്കണം.**

പ്രവൃത്തി 2:21

"'എന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും എന്നു ദൈവം അരുളിചെയ്യുന്നു.'"

പ്രവൃത്തി 22:16

"'ഇനി താമസിക്കുന്നതു എന്ത്? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളയുക എന്നു പറഞ്ഞു.'"

# അനുബന്ധം 3

# "ക്രിസ്തുവിൽ" എന്ന പ്രയോഗം

*"വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ പരിതസ്ഥിതി ക്രിസ്തുവാണ്. അവനെ പേശീസ്തംഭനത്തിൽ നിന്നും ഭൗമിക നിയന്ത്രണങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ, ക്രിസ്തുവിന്റെ പ്രതലത്തിലേക്ക് ഉയർത്തി. അവനെ പുതിയ മണ്ണിലേക്കും പുതിയ കാലാവസ്ഥയിലേക്കും പറിച്ചു നട്ടു, ആ മണ്ണും കാലാവസ്ഥയും ക്രിസ്തുവിന്റേതാണ്. ഒരു ഉത്തമ മൂലകമായി ശ്വസിക്കുന്നതു അവന്റെ ശ്വാസമാണ്. അവൻ തുറസായ പ്രതലത്തിന്മേൽ ചരിക്കുന്നു."*[1]

പുതിയ നിയമത്തിലെ "ക്രിസ്തുവിൽ" എന്ന പദപ്രയോഗവും തത്തുല്യമായതും കൂടാതെ സഭയെ സംബന്ധിച്ച ഒരു ശ്രദ്ധേയ പഠനവും പൂർണ്ണമാകുന്നില്ല. നെസ്‌ലേയുടെ പുതിയ നിയമ ഗ്രീക്കു പുസ്തകത്തിൽ അതു 119 പ്രാവശ്യം കാണുന്നുണ്ട് (1 തെസ്സലൊനിക്യർ 4:14 കൂടാതെ). പ്രാഥമികമായി, പൗലൊസിന്റെ ലേഖനങ്ങളിൽ കാണാം, എങ്കിലും 1 പത്രൊസിന്റെ ലേഖനത്തിലും കാണാം (3:16; 5:10; 5:14), 1 യോഹന്നാന്റെ ലേഖനത്തിലും (2:27, 28; 3:24; 4:13; 5:11, 20), വെളിപ്പാടിലും കാണാം (14:13).

പുതിയനിയമത്തിൽ മറ്റു രീതികളിലും ഈ പദപ്രയോഗം കാണാം, പ്രത്യേകിച്ചു ഇതാ: "ക്രിസ്തുവിൽ," "ക്രിസ്തുയേശുവിൽ," "നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ," "കർത്താവായ യേശുക്രിസ്തുവിൽ," "കർത്താവായ യേശുവിൽ," "കർത്താവിൽ," "അവനിൽ," "അവങ്കലേക്കു," "അവനിൽ," "അവന്റെ പുത്രനിൽ," "അവന്റെ പുത്രനായ യേശുക്രിസ്തുവിൽ." "ക്രിസ്തുവിൽ" എന്ന ആശയം "ക്രിസ്തുവിന്റെ ശരീരം," "അവന്റെ ശരീരം," "ശരീരം," "ഏക ശരീരം," എന്നിങ്ങനെ പുതിയനിയമത്തിൽ പതിനാറു പ്രാവശ്യം ഉണ്ട്. "ക്രിസ്തുവിൽ" എന്ന പദപ്രയോഗം വാസ്തവത്തിൽ സുവിശേഷങ്ങളിൽ പ്രത്യക്ഷ

പ്പെടുന്നു; എങ്ങനെയായാലും, അതിന്റെ മുൻനിഴലായി യോഹന്നാൻ 15:5-ൽ "എന്നിൽ" എന്നു പറഞ്ഞിരിക്കുന്നു.

ക്രിസ്തുവിന്റെ ശരീരത്തെ കുറിക്കുന്ന പുതിയ നിയമ വാക്യങ്ങൾ മാത്രം നല്കുകയാണ് ഈ പഠനത്തിന്റെ ഉദ്ദേശം. "അവനിൽ" വിശ്വസിക്കുക "അവങ്കൽ" വിശ്വസിക്കുക എന്ന പ്രയോഗം സുവിശേഷങ്ങളിൽ പലഭാഗത്തും കാണാം, എന്നാൽ ആ പ്രയോഗത്തിൽ ആ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആ പ്രയോഗങ്ങൾ, വിശ്വസിക്കുവാനുള്ളതു വേറെ പഠനത്തിൽ വരും. അതുപോലെ ഈ ലിസ്റ്റിൽ "ദൈവത്തിൽ," അല്ലെങ്കിൽ അതുപോലെ, പ്രവൃത്തികൾ 17:28 ലേതുപോലെയുള്ളതും ഉൾപ്പെടുത്തിയിട്ടില്ല.

''ക്രിസ്തുവിൽ'' എന്ന പ്രയോഗത്തിന്റെ നിർവ്വചനത്താൽ, അതിന്റെ വ്യത്യസ്തരൂപത്തിൽ, നിന്നു ക്രിസ്തുവിനോടുകൂടെയുള്ള ഐകരൂപ്യ ബന്ധവും ഉൾപ്പെട്ടിരിക്കുന്നു (എഫെസ്യർ 1:21, 22), "ക്രിസ്തുവിന്റെ ശരീരം" (എഫെസ്യർ 4:12), അവിടെയാണ് വീണ്ടെടുക്കപ്പെട്ടവർക്കുള്ള സകല ആത്മികാനുഗ്രഹങ്ങളും ഉള്ളത്.

ഈ പദപ്രയോഗത്തിന്റെ വ്യത്യസ്ത രൂപങ്ങൾ ശ്രദ്ധയോടെ പഠിക്കുക, അതു തിരിച്ചറിയുവാൻ ചരിച്ചെഴുതിയിരിക്കുന്നു. നിങ്ങൾ അതു പഠിക്കുമ്പോൾ ക്രിസ്ത്യാനിയുടെ സ്ഥാനവും അവസ്ഥയും "ക്രിസ്തുവിൽ" എന്താണെന്നും "അവനിൽ" ഉള്ള അത്ഭുതകരമായ ആത്മികാനുഗ്രഹങ്ങൾ ആസ്വദിക്കുവാനും കഴിയും.

ഈ ലിസ്റ്റിൽ തിരുവെഴുത്തുകൾ ഉദ്ധരിക്കുവാൻ ഉപയോഗിച്ചിരുന്നതു ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ട്രാൻസ്ലേഷനിൽ നിന്നാണ്.

### "എന്നിൽ" (1)

യോഹന്നാൻ 15:5
"ഞാൻ സാക്ഷാൽ മുന്തിരി വള്ളിയും, എന്റെ പിതാവു തോട്ടക്കാരനുമാകുന്നു; *എന്നിൽ* കായ്ക്കാത്ത കൊമ്പു ഒക്കെയും; അവൻ നീക്കി കളയുന്നു."

### ക്രിസ്തുവിൽ (30)

റോമർ 9:1
"ഞാൻ *ക്രിസ്തുവിൽ* സത്യം പറയുന്നു, ഞാൻ പറയുന്നതു ഭോഷ്ക്ക് അല്ല. എനിക്കു വലിയ ദു:ഖവും ഹൃദയത്തിൽ നോവും ഉണ്ട് എന്നു നിന്റെ മനസാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു."

റോമർ 12:5
"അതുപോലെ പലരായ നാം *ക്രിസ്തുവിൽ* ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു."

റോമർ 16:7
"എന്റെ ചാർച്ചക്കാരും സഹസബദ്ധന്മാരായ അന്ത്രോനിക്കൊസിനും യൂനിയാവിനും വന്ദനം ചൊല്ലുവിൻ അവർ അപ്പൊസ്തലന്മാരുടെ ഇട

യിൽ പേർ കൊണ്ടവരും എനിക്കു മുമ്പെ *ക്രിസ്തുവിൽ* വിശ്വസിച്ച വരും ആകുന്നു."

റോമർ 16:9
"*ക്രിസ്തുവിൽ* ഞങ്ങളുടെ കൂട്ടുവേലക്കാരനായ ഉർബ്ബാനൊസിനും എനിക്കു പ്രിയനായ സ്താക്കുവിനും വന്ദനം ചൊല്ലുവിൻ. *ക്രിസ്തു വിൽ* സമ്മതനായ അപ്പെലേസിനു വന്ദനം ചൊല്ലുവിൻ."

റോമർ 16:10
"ക്രിസ്തുവിൽ സമ്മതനായ അപ്പെലേസിന്നു വന്ദനം ചൊല്ലുവിൻ. അ രിസ്തൊബൂലൊസിന്റെ ഭവനക്കാർക്കു വന്ദനം ചൊല്ലുവിൻ."

1 കൊരിന്ത്യർ 3:1
"എന്നാൽ, സഹോദരന്മാരേ, നിങ്ങളോടു എനിക്കു ആത്മികന്മാരോടു എന്ന പോലെ അല്ല, ജഡികന്മാരോടു എന്ന പോലെ *ക്രിസ്തുവിൽ* ശിശുക്കൾ ആയവരോടു എന്ന പോലെ അത്രേ സംസാരിപ്പാൻ കഴി ഞ്ഞിട്ടുള്ളു."

1 കൊരിന്ത്യർ 4:10
"ഞങ്ങൾ ക്രിസ്തു നിമിത്തം ഭോഷന്മാർ; നിങ്ങൾ ക്രിസ്തുവിൽ വിവേ കികൾ; ഞങ്ങൾ ബലഹീനന്മാർ, നിങ്ങൾ ബലവാന്മാർ, നിങ്ങൾ മഹത്തു ക്കൾ, ഞങ്ങൾ മാനഹീനർ."

1 കൊരിന്ത്യർ 4:15
"നിങ്ങൾക്കു *ക്രിസ്തുവിൽ* പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല; ക്രിസ്തു യേശുവിൽ ഞാനല്ലൊ സുവിശേ ഷത്താൽ നിങ്ങളെ ജനിപ്പിച്ചത്."

1 കൊരിന്ത്യർ 4:17
"ഇതു നിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയമകനുമായ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഞാൻ എങ്ങും ഏതു സഭയിലും ഉപദേശിക്കുന്നതു പോലെ *ക്രിസ്തുവിലുള്ള* എന്റെ വഴികൾ അവൻ നിങ്ങളെ ഓർമ്മിപ്പിക്കും."

1 കൊരിന്ത്യർ 15:17, 18
"ക്രിസ്തു ഉയർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു, *ക്രിസ്തുവിൽ* നിദ്ര കൊണ്ടവരും നശിച്ചു പോയി."

1 കൊരിന്ത്യർ 15:19
"നാം ഈ ആയുസ്സിൽ മാത്രം പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ."

2 കൊരിന്ത്യർ 1:21
“ഞങ്ങളെ നിങ്ങളോടു കൂടെ *ക്രിസ്തുവിൽ* ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലൊ.”

2 കൊരിന്ത്യർ 2:17
“ഞങ്ങൾ ദൈവവചനത്തിൽ കൂട്ടു ചേർക്കുന്ന അനേകരെപോലെ അല്ല, നിർമ്മലതയോടും ദൈവത്തിന്റെ കല്പനയാലും ദൈവസന്നിധിയിൽ ക്രിസ്തുവിൽ സംസാരിക്കുന്നു.”

2 കൊരിന്ത്യർ 3:14
“എന്നാൽ അവരുടെ മനസാക്ഷി കഠിനപ്പെട്ടു പോയി, പഴയ നിയമം വായിക്കുമ്പോഴൊക്കെയും ആ മൂടുപടം നീങ്ങാതെ അങ്ങനെ തന്നെ ഇന്നുവരെ ഇരിക്കുന്നുവല്ലൊ; അതു *ക്രിസ്തുവിൽ* നീങ്ങിപ്പോകുന്നു.”

2 കൊരിന്ത്യർ 5:17
“ഒരുത്തൻ *ക്രിസ്തുവിൽ* ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി; ഇതാ അതു പുതുതായി തീർന്നിരിക്കുന്നു.”

2 കൊരിന്ത്യർ 5:19
“... ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തിൽ *ക്രിസ്തുവിൽ* തന്നോടു നിരപ്പിച്ചു പോന്നു, ഈ നിരപ്പിന്റെ വചനം ഞങ്ങളിൽ ഭരമേല്പിച്ചിരിക്കുന്നു.”

2 കൊരിന്ത്യർ 12:2
“*ക്രിസ്തുവിൽ* ഉള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു; അവൻ പതിനാലു സംവത്സരം മുമ്പേ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു.”

2 കൊരിന്ത്യർ 12:19
“ഇത്ര നേരം ഞങ്ങൾ നിങ്ങളോടു പ്രതിവാദിക്കുന്നു എന്നു നിങ്ങൾക്കു തോന്നുന്നുവോ. ദൈവത്തിൻ മുൻപാകെ *ക്രിസ്തുവിൽ* ആകുന്നു ഞങ്ങൾ സംസാരിക്കുന്നത്; പ്രിയമുള്ളവരേ, സകലവും നിങ്ങളുടെ ആത്മിക വർദ്ധനക്കായിട്ടത്രേ.”

ഗലാത്യർ 1:22
“യെഹൂദ്യയിലെ ക്രിസ്തുസഭക്കോ ഞാൻ മുഖപരിചയം ഇല്ലാത്തവൻ ആയിരുന്നു.”

ഗലാത്യർ 2:17
“എന്നാൽ, *ക്രിസ്തുവിൽ* നീതീകരണം അന്വേഷിക്കയാൽ നാമും പാപികൾ എന്നു വരുന്നു എങ്കിൽ, ക്രിസ്തു പാപത്തിന്റെ ശുശ്രൂഷക്കാരൻ എന്നോ? ഒരു നാളും അരുത്!”

എഫെസ്യർ 1:3
"സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ *ക്രിസ്തുവിൽ* അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ."

എഫെസ്യർ 4:32
"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവു - ള്ളവരായി, ദൈവം *ക്രിസ്തുവിൽ* നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ."

ഫിലിപ്പിയർ 2:1, 2
"*ക്രിസ്തുവിൽ* വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ... നിങ്ങൾ ഏകമനസ്സുള്ളവനായി ഏക സ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ."

കൊലൊസ്യർ 1:2
"നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നു നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ."

കൊലൊസ്യർ 1:28
"അവനെ ഞങ്ങൾ അറിയുന്നതിൽ ഏതു മനുഷ്യനെയും *ക്രിസ്തുവിൽ* തികഞ്ഞവനായി നിറുത്തേണ്ടതിനു ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു."

1 തെസ്സലൊനിക്യർ 4:16
"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളനാദത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വരികയും; *ക്രിസ്തുവിൽ* മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേല്ക്കുകയും ചെയ്യും."

ഫിലേമോൻ 1:20
"അതേ, സഹോദരാ, നിന്നെക്കൊണ്ടു എനിക്കു കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; *ക്രിസ്തുവിൽ* എന്റെ ഹൃദയം തണുപ്പിക്ക."

1 പത്രൊസ് 3:16
"*ക്രിസ്തുവിൽ* നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിനു നല്ല മനസ്സാക്ഷിയുള്ളവരായിരിപ്പിൻ."

1 പത്രൊസ് 5:10
"നിങ്ങൾ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ *ക്രിസ്തു*

*വിൽ* തന്റെ നിത്യ തേജസിന്നായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും."

1 പത്രൊാസ് 5:14
"സ്നേഹ ചുംബനത്താൽ തമ്മിൽ വന്ദനം ചെയ്‌വിൻ. *ക്രിസ്തുവിൽ* ഉള്ള എല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ."

### "ക്രിസ്തുവിൽ" (5)

1 കൊരിന്ത്യർ 15:22
"ആദാമിൽ എല്ലാവരേയും മരിക്കുന്നതുപോലെ *ക്രിസ്തുവിൽ* എല്ലാവരും ജീവിക്കപ്പെടും."

2 കൊരിന്ത്യർ 2:14
"*ക്രിസ്തുവിൽ* ഞങ്ങളെ എപ്പോഴും ജയോല്സവമായി നടത്തുകയും എല്ലാടത്തും ഞങ്ങളെ കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം."

എഫെസ്യർ 1:9, 10
"അവരിൽ ഞാൻ മുൻനിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു. അതു സ്വർഗ്ഗത്തിലും ഭൂമിയിലുളളതും എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ച്ചേർക്ക എന്നിങ്ങനെ സമ്പൂർണ്ണതയിലെ വ്യവസ്ഥക്കായി കൊണ്ടു തന്നേ, ..."

എഫെസ്യർ 1:11, 12
"അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്ന തന്റെ നിർണ്ണയപ്രകാരം മുൻനിയമിക്കപ്പെട്ടതു മുമ്പിൽ കൂട്ടി *ക്രിസ്തുവിൽ* ആശ വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കാകേണ്ടതിനുതന്നേ."

എഫെസ്യർ 1:19, 20
"... നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലുപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ *ക്രിസ്തുവിലും* വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയർപ്പിക്കുകയും സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു."

### "ക്രിസ്തു യേശുവിൽ" (42)

റോമർ 3:23, 24
"ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സില്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ *ക്രിസ്തുയേശുവിങ്കലെ* വീണ്ടെടുപ്പ് മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്."

റോമർ 6:11
"അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും *ക്രിസ്തു യേശുവിൽ* ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെ തന്നെ എണ്ണുവിൻ."

റോമർ 6:23
"പാപത്തിന്റെ ശമ്പളം മരണമത്രേ "ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ *യേശുക്രിസ്തുവിൽ* നിത്യജീവൻ ആകുന്നു."

റോമർ 8:1
"അതുകൊണ്ടു ഇപ്പോൾ *ക്രിസ്തുയേശുവിൽ* ഉള്ളവർക്കു ഒരു ശിക്ഷാ വിധിയുമില്ല."

റോമർ 8:2
"ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണ ത്തിന്റെയും പ്രമാണത്തിൽ നിന്ന് *ക്രിസ്തുയേശുവിൽ* സ്വാതന്ത്ര്യം വരു ത്തിയിരിക്കുന്നു."

റോമർ 15:17
"*ക്രിസ്തുയേശുവിൽ* എനിക്കു ദൈവസംബന്ധമായി പ്രശംസ ഉണ്ട്."

റോമർ 16:3
"*ക്രിസ്തുയേശുവിൽ* എന്റെ കൂട്ടുവേലക്കാരായ പ്രിസ്ക്കയേയും അക്വിലാവെയും വന്ദനം ചെയ്‌വിൻ."

1 കൊരിന്ത്യർ 1:2
"കൊരിന്തിലുള്ള ദൈവസഭക്കു, *ക്രിസ്തുയേശുവിൽ* വിശുദ്ധീകരിക്ക പ്പെട്ടവരും അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താ വായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിശുദ്ധന്മാരായവർക്കു തന്നേ."

1 കൊരിന്ത്യർ 1:4
"നിങ്ങൾക്കു *ക്രിസ്തുയേശുവിൽ* നല്കപ്പെട്ട ദൈവകൃപ നിമിത്തം ഞാൻ എന്റെ ദൈവത്തിനു നിങ്ങളെക്കുറിച്ചു എപ്പോഴും സ്തോത്രം ചെയ്യുന്നു."

1 കൊരിന്ത്യർ 1:30
"നിങ്ങളോ അവനാൽ *ക്രിസ്തുയേശുവിൽ* ഇരിക്കുന്നു അവൻ നമുക്കു ദൈവത്തിൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി തീർന്നു."

1 കൊരിന്ത്യർ 4:15
“നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല; *ക്രിസ്തുയേശുവിൽ* ഞാനല്ലൊ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്.”

1 കൊരിന്ത്യർ 16:24
“നിങ്ങൾക്കു എല്ലാവർക്കും *ക്രിസ്തുയേശുവിൽ* എന്റെ സ്നേഹം. ആമേൻ.”

ഗലാത്യർ 2:4
“അതോ നുഴഞ്ഞു വന്ന കള്ള സഹോദരന്മാർ നിമിത്തമായിരുന്നു. അവർ നമ്മെ അടിമപ്പെടുത്തേണ്ടതിനു *ക്രിസ്തുയേശുവിൽ* നമുക്കുള്ള സ്വാതന്ത്ര്യം ഉറ്റു നോക്കുവാൻ നുഴഞ്ഞു വന്നിരിക്കുന്നു.”

ഗലാത്യർ 3:13, 14
“ക്രിസ്തു ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലെക്കു വാങ്ങി, ... അബ്രഹാമിന്റെ അനുഗ്രഹം *ക്രിസ്തുയേശുവിൽ* ജാതികൾക്കുവരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ ...”

ഗലാത്യർ 3:28
“അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല; നിങ്ങൾ എല്ലാവരും *ക്രിസ്തുയേശുവിൽ* ഒന്നത്രേ.”

ഗലാത്യർ 5:6
“*ക്രിസ്തുയേശുവിൽ* പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ കാര്യം.”

എഫെസ്യർ 1:1
“ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസ് എഫെസൊസിൽ ഉള്ള വിശുദ്ധന്മാരും *ക്രിസ്തുയേശുവിൽ* വിശ്വാസികളുമായവർക്കു എഴുതുന്നതു.”

എഫെസ്യർ 2:4-7
“എന്നാൽ ദൈവം, ... ക്രിസ്തുവിനോടുകൂടെ നമ്മെ ജീവിപ്പിക്കയും ... തന്റെ കൃപയുടെ അത്യന്ത ധനത്തെ വരുങ്കാലങ്ങളിൽ കാണിക്കേണ്ടതിനു ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.”

എഫെസ്യർ 2:10
“നാം അവന്റെ കൈപ്പണിക്കായി സൽപ്രവൃത്തിക്കായിട്ടു *ക്രിസ്തു യേശുവിൽ* സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.”

എഫെസ്യർ 2:13
"മുമ്പേ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ *ക്രിസ്തുയേശുവിൽ* ക്രിസ്തുവിൽ സമീപസ്ഥരായിതീർന്നു."

എഫെസ്യർ 3:6
"... അതോ ജാതികൾ സുവിശേഷത്താൽ *ക്രിസ്തുയേശുവിൽ* കൂട്ട വകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നേ."

എഫെസ്യർ 3:11
"അവൻ നമ്മുടെ കർത്താവായ *യേശുക്രിസ്തുവിൽ* നിവർത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭ മുഖാന്തരം അറിയായ് വരുന്നു."

എഫെസ്യർ 3:21
"സഭയിലും *ക്രിസ്തുയേശുവിലും* എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ."

ഫിലിപ്പിയർ 1:1
"ക്രിസ്തുയേശുവിന്റെ ദാസനായ പൗലൊസും തിമൊഥെയൊസും ഫിലിപ്പിയിൽ *ക്രിസ്തുയേശുവിൽ* ഉള്ള സകലവിശുദ്ധന്മാർക്കും അദ്ധ്യ ക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നത്."

ഫിലിപ്പിയർ 1:26
"അങ്ങനെ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിനാൽ എന്നെക്കു റിച്ചു നിങ്ങൾക്കുള്ള പ്രശംസ *ക്രിസ്തുയേശുവിൽ* വർദ്ധിപ്പാൻ ഇട യാകും."

ഫിലിപ്പിയർ 3:3
"ദൈവത്തിന്റെ ആത്മാവുകൊണ്ടു ആരാധിക്കയും *ക്രിസ്തുയേശു വിൽ* പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നേ."

ഫിലിപ്പിയർ 3:14
"ഒന്നു ഞാൻ ചെയ്യുന്നു പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞും കൊണ്ടു *ക്രിസ്തുയേശുവിൽ* ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു."

ഫിലിപ്പിയർ 4:7
"എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങ ളുടെ ഹൃദയങ്ങളെയും നിനവുകളെയും *ക്രിസ്തുയേശുവിൽ* കാക്കും."

ഫിലിപ്പിയർ 4:19
"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം *ക്രിസ്തുയേശുവിൽ* പൂർണ്ണമായി തീർത്തു തരും."

ഫിലിപ്പിയർ 4:21
"*ക്രിസ്തുയേശുവിൽ* ഓരോ വിശുദ്ധനെയും വന്ദനം ചെയ്വിൻ; എന്നോടു കൂടെയുള്ള സഹോദരന്മാർ നിങ്ങളെ വന്ദനം ചെയ്യുന്നു."

1 തെസ്സലൊനിക്യർ 2:14
"സഹോദരന്മാരേ, യെഹൂദ്യയിൽ *ക്രിസ്തുയേശുവിൽ* ഉള്ള ദൈവസഭകൾക്കു നിങ്ങൾ അനുകാരികളായിത്തീർന്നു; അവർ യെഹൂദന്മാരാൽ അനുഭവിച്ചതു തന്നേ നിങ്ങളും സ്വജാതിക്കാരാൽ അനുഭവിച്ചുവല്ലൊ."

1 തെസ്സലൊനിക്യർ 5:18
"എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലൊ *ക്രിസ്തുയേശുവിൽ* ദൈവേഷ്ടം."

1 തിമൊഥെയൊസ് 1:14
"*ക്രിസ്തുയേശുവിൽ* ഉള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം വർദ്ധിച്ചുമിരിക്കുന്നു."

2 തിമൊഥെയൊസ് 1:1, 2
"*ക്രിസ്തുയേശുവിലുള്ള* ജീവന്റെ വാഗ്ദത്ത പ്രകാരം ദൈവേഷ്ടത്താൽ അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിന് എഴുതുന്നത്, ..."

2 തിമൊഥെയൊസ് 1:9
"... അവൻ [ദൈവം] നമ്മെ രക്ഷിക്കയും വിശുദ്ധവിളികൊണ്ടു വിളിക്കയും ചെയ്തതു നമ്മുടെ പ്രവൃത്തികൾ നിമിത്തം അല്ല സകലകാലത്തിനും മുമ്പേ *ക്രിസ്തുയേശുവിൽ* നമുക്കു നല്കിയിരിക്കുന്നതും."

2 തിമൊഥെയൊസ് 1:13
"എന്നോടു കേട്ട പത്ഥ്യ വചനം നീ *ക്രിസ്തുയേശുവിലുള്ള* വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കി കൊൾക."

2 തിമൊഥെയൊസ് 2:1
"എന്റെ മകനേ, *ക്രിസ്തുയേശുവിൽ* ഉള്ള കൃപയാൽ ശക്തിപ്പെടുക."

2 തിമൊഥെയൊസ് 2:10
"അതുകൊണ്ടു *ക്രിസ്തുയേശുവിൽ* ഉള്ള രക്ഷ നിത്യ തേജസ്സോടു കൂടെ വൃതന്മാർക്കു കിട്ടേണ്ടതിനു ഞാൻ അവർക്കായി സകലവും സഹിക്കുന്നു."

2 തിമൊഥെയൊസ് 3:12
"എന്നാൽ *ക്രിസ്തുയേശുവിൽ* ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ള വർക്കു എല്ലാം ഉപദ്രവം ഉണ്ടാകും."

2 തിമൊഥെയൊസ് 3:15
"... നീയോ ഇന്നവനോടു പഠിച്ചു എന്നു ഓർക്കുകയും *ക്രിസ്തുയേ ശുവിലുള്ള* വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ അറിയിക്കുകയും ചെയ്യുന്നു."

ഫിലേമോൻ 23
"*ക്രിസ്തുയേശുവിൽ* എന്റെ സഹബദ്ധരായ എപ്പഫ്രാസും വന്ദനം ചൊല്ലുന്നു."

**"നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ" (1)**

റോമർ 8:39
"*നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള* ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു."

**"നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ" (3)**

1 തെസ്സലൊനിക്യർ 1:1
"പൗലൊസും സില്വാനൊസും പിതാവായ *ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലുമുള്ള* തെസ്സലൊനിക്യസഭയ്ക്കു എഴുതുന്നു."

2 തെസ്സലൊനിക്യർ 1:1
"ഇങ്ങനെയുള്ളവരോടു, സാവധാനത്തോടെ വേലചെയ്തു അഹോ വൃത്തി കഴിക്കേണം എന്നു *കർത്താവായ യേശുക്രിസ്തുവിൽ* ഞങ്ങൾ ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു."

**2 തെസ്സലൊനിക്യർ 3:12**
"ദൈവം അവർക്കു ഭോഷ്ക്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാ രശക്തി അയക്കുന്നു."

**"കർത്താവായ യേശുവിൽ" (1)**

റോമർ 14:14
"യാതൊന്നും സ്വതവേ മലിനമല്ല എന്നു ഞാൻ *കർത്താവായ യേശു വിൽ* അറിഞ്ഞും ഉറച്ചുമിരിക്കുന്നു."

**"കർത്താവിൽ" (3)**

1 കൊരിന്ത്യർ 4:17
"അതുനിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയമകനുമായ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഞാൻ എങ്ങും ഏതു സഭയിലും ഉപദേശിക്കുന്നതു പോലെ *ക്രിസ്തുവിലുള്ള*

എന്റെ വഴികൾ അവൻ നിങ്ങളെ ഓർമ്മിപ്പിക്കും."

2 കൊരിന്ത്യർ 2:12
"എന്നാൽ ഞാൻ ക്രിസ്തുവിന്റെ സുവിശേഷം അറിയിപ്പാൻ ത്രോവാസിൽ വന്നാറേ ... *കർത്താവിന്റെ* വേലക്കായി ഒരു വാതിൽ തുറന്നു കിട്ടി."

വെളിപ്പാട് 14:13
"ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു, അതു പറഞ്ഞതു, 'എഴുതുക, "ഇന്നുമുതൽ *കർത്താവിൽ* മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ!'" 'അതേ,' അവർ പ്രയത്നങ്ങളിൽ നിന്നു 'വിശ്രമിക്കേണ്ടതാകുന്നു, അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു.'"

**"യേശുവിൽ" (2)**

എഫെസ്യർ 4:20, 21
"*യേശുവിൽ* സത്യം ഉള്ളതുപോലെ അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെക്കുറിച്ചു ഇങ്ങനെയല്ല പഠിച്ചതു."

1 തെസ്സലൊനിക്യർ 4:14
"യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ ദൈവം അങ്ങനെതന്നെ *യേശുവിൽ* നിദ്രകൊണ്ടവരേയും യേശു മുഖാന്തരം അവനോടു കൂടെ വരുത്തും."[5]

**"അവനിൽ" (20)**

2 കൊരിന്ത്യർ 1:19
"ഞാനും സില്വാനൊസും തിമൊഥെയൊസും - നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച - ദൈവപുത്രനായ യേശുക്രിസ്തു ഒരിക്കൽ ഉവ്വു എന്നും മറ്റൊരിക്കൽ ഇല്ല എന്നും ആയിരുന്നില്ല; *അവനിൽ* ഉവ്വു എന്നത്രേയുള്ളു."

2 കൊരിന്ത്യർ 1:20
"ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും *അവനിൽ* ഉവ്വു എന്നത്രേ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നേ."

2 കൊരിന്ത്യർ 5:21
"പാപം അറിയാത്തവനെ *അവനിൽ* ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കു വേണ്ടി പാപം ആക്കി."

2 കൊരിന്ത്യർ 13:4
"ബലഹീനതയാൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവി

ക്കുന്നു; ഞങ്ങളും *അവനിൽ* ബലഹീനർ എങ്കിലും അവനോടു കൂടെ ദൈവശക്തിയാൽ നിങ്ങളോടു കൂടെ ജീവിക്കുന്നു."

എഫെസ്യർ 1:4
"... നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന്നുഅവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ *അവനിൽ* തിരഞ്ഞെടുക്കുകയും ..."

എഫെസ്യർ 1:9
"*അവനിൽ* താൻ മുൻനിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു."

എഫെസ്യർ 4:20, 21
"നിങ്ങളോ *യേശുവിൽ* സത്യം ഉള്ളതുപോലെ അവനെക്കുറിച്ചു കേട്ടു അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെക്കുറിച്ചു ഇങ്ങനെയല്ല പഠിച്ചതു."

ഫിലിപ്പിയർ 3:8, 9
"ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, *ക്രിസ്തുവിങ്കൽ* ഉള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതി തന്നേ ലഭിച്ചു ... ."

കൊലൊസ്സ്യർ 1:17
"അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ; *അവൻ* സകലത്തിനും ആധാരമായിരുന്നു."

കൊലൊസ്സ്യർ 1:19
"*അവനിൽ* സർവ്വസമ്പൂർണ്ണതയും നല്കുവാൻ പിതാവിനു പ്രസാദം തോന്നി."

കൊലൊസ്സ്യർ 2:6, 7
"ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതു പോലെ *അവന്റെ* കൂട്ടായ്മയിൽ നടപ്പിൻ; *അവനിൽ* വേരൂന്നിയും ആത്മിക വർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചു തന്നതിനു ഒത്തവണ്ണം വിശ്വാസത്താൽ ഉറച്ചു സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ."

കൊലൊസ്സ്യർ 2:9
"*അവനിൽ* അല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപത്തിൽ വസിക്കുന്നതു."

കൊലൊസ്യർ 2:10
“എല്ലാ വാഴ്ച്ചക്കും അധികാരത്തിനും തലയായ *അവനിൽ* നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു.”

2 തെസ്സലൊനിക്യർ 1:11, 12
“അതുകൊണ്ടു ഞങ്ങൾ നമ്മുടെ ദൈവത്തിന്റേയും കർത്താവായ ക്രിസ്തുവിന്റെയും കൃപയാൽ നമ്മുടെ കർത്താവായ യേശുവിന്റെ നാമം നിങ്ങളിലും നിങ്ങൾ *അവനിലും* മഹത്വപ്പെടേണ്ടതിനു നമ്മുടെ ദൈവം തന്റെ വിളിക്കു യോഗ്യമായി എണ്ണി സൽഗുണത്തിലുള്ള സകലതാല്പര്യവും വിശ്വാസത്തിന്റെ പ്രവൃത്തിയും ശക്തിയോടെ പൂർണ്ണമാക്കിത്തരേണം എന്നു നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു.”

1 യോഹന്നാൻ 2:27
“അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നേ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും അതു ഭോഷ്ക് അല്ല, സത്യം തന്നെ ആകയാലും അതു നിങ്ങളെ ഉപദേശിച്ചതു പോലെ നിങ്ങൾ *അവനിൽ* വസിപ്പിൻ.”

1 യോഹന്നാൻ 2:28
“ഇനിയും കുഞ്ഞുങ്ങളെ അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചു പോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിനു *അവനിൽ* വസിപ്പിൻ.”

1 യോഹന്നാൻ 3:24
“അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ *അവനിലും* അവൻ ഇവനിലും വസിക്കുന്നു എന്നു അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു.”

1 യോഹന്നാൻ 4:13
“നാം *അവനിലും* അവൻ നമ്മിലും വസിക്കുന്നു എന്നു അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു.”

1 യോഹന്നാൻ 5:20
“ദൈവ പുത്രൻ വന്നു എന്നും സത്യ ദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു. നാം സത്യ ദൈവത്തിൽ *അവന്റെ* പുത്രനായ യേശുക്രിസ്തുവിൽ തന്നെ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു.”

### “അവങ്കലേക്ക്” (1)

എഫെസ്യർ 4:15
“സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തല

യോളം സകലത്തിലും വളരുവാൻ ഇടയാകും."

**"അവനിൽ" (9)**

എഫെസ്യർ 1:7
"അവനിൽ[6] അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പു ഉണ്ട്."

എഫെസ്യർ 1:11
"അവനിൽ നാം അവകാശവും[7] പ്രാപിച്ചു; തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയ പ്രകാരം മുന്നിയമിക്കപ്പെട്ടത്."

എഫെസ്യർ 1:13
"അവനിൽ,[8] നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം - എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു."

എഫെസ്യർ 2:21
"*അവനിൽ* കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വരുന്നു."

എഫെസ്യർ 2:22
"*അവനിൽ* നിങ്ങളേയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതു വളരുന്നു."

എഫെസ്യർ 3:12
"*അവനിൽ* ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്."

കൊലൊസ്യർ 1:14
"*അവനിൽ* നമുക്കു പാപമോചനം എന്ന വീണ്ടെടുപ്പു ഉണ്ട്."

കൊലൊസ്യർ 2:3
"*അവനിൽ* ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടു ഇരിക്കുന്നു."

കൊലൊസ്യർ 2:11
"അവനിൽ[9] നിങ്ങൾക്കു ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിഛേദനയും ലഭിച്ചു."

**"അവന്റെ പുത്രനിൽ" (1)**

1 യോഹന്നാൻ 5:11
"ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ *അവന്റെ പുത്രനിൽ* ഉണ്ട് എന്നുള്ളതു തന്നേ."

### **"അവന്റെ പുത്രനായ യേശുക്രിസ്തുവിൽ" (1)**

1 യോഹന്നാൻ 5:20
"ദൈവ പുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ *അവന്റെ പുത്രനായ യേശുക്രിസ്തുവിൽ* തന്നേ ആകുന്നു."

### **"ക്രിസ്തുവിന്റെ ശരീരം" (3)**

റോമർ 7:4
"അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിനു ഫലം കായ്ക്കു മാറു മരിച്ചിട്ടു ഉയർത്തെഴുന്നേറ്റവനായ വേറൊരുവനു ആകേണ്ടതിനു നിങ്ങളും *ക്രിസ്തുവിന്റെ ശരീരം* മുഖാന്തരം ന്യായപ്രമാണസംബന്ധ മായി മരിച്ചിരിക്കുന്നു."

1 കൊരിന്ത്യർ 10:16
"നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം *ക്രിസ്തുവിന്റെ ശരീര ത്തിന്റെ* കൂട്ടായ്മ അല്ലയോ?"

എഫെസ്യർ 4:11, 12
"അവൻ ചിലരെ അപ്പൊസ്തലന്മാരായും ... വിശുദ്ധന്മാരുടെ യഥാ സ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും *ക്രിസ്തുവിന്റെ ശരീ രത്തിന്റെ* ആത്മിക വർദ്ധനക്കും ആകുന്നു."

### **"ക്രിസ്തുവിന്റെ ശരീരം" (1)**

1 കൊരിന്ത്യർ 12:27
"എന്നാൽ നിങ്ങൾ *ക്രിസ്തുവിന്റെ ശരീരവും* ഓരോരുത്തൻ വെവ്വേ റെയായി അവയവങ്ങളും ആകുന്നു."

### **"അവന്റെ ശരീരം" (3)**

എഫെസ്യർ 1:22, 23
"സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയായി എല്ലാറ്റിലും എല്ലാം നിറക്കുന്നവന്റെ നിറവായിരിക്കുന്ന *അവന്റെ ശരീരമായ* സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു."

എഫെസ്യർ 5:29, 30
"ആരും തന്റെ ജഡത്തെ ഒരു നാളും പകെച്ചിട്ടില്ലല്ലൊ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രെ ചെയ്യുന്നതു. നാം *അവന്റെ ശരീര*ത്തിന്റെ അവയവങ്ങളല്ലൊ."

കൊലൊസ്യർ 1:24
"ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ (ജഡത്തിൽ സഭയായ) *അവന്റെ ശരീര*ത്തിനുവേണ്ടി പൂരിപ്പിക്കുന്നു."

**"ശരീരം" (4)**

എഫെസ്യർ 3:6
"... അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും *ഏകശരീരസ്ഥരും,*[10] വാഗ്ദാനത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നേ."

എഫെസ്യർ 5:23
"ക്രിസ്തു *ശരീരത്തിന്റെ* രക്ഷിതാവായി സഭയ്ക്കു തലയാകുന്നതു പോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു."

കൊലൊസ്യർ 1:18
"അവൻ സഭ എന്ന *ശരീരത്തിന്റെ* തലയുമാകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും; മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി - എഴുന്നേറ്റവനും ആകുന്നു."

കൊലൊസ്യർ 2:18, 19
"താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ചു സ്വന്ത - ദർശനങ്ങളിൽ പ്രവേശിക്കയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുതു തെറ്റിക്കരുത്, ... തലയായവനിൽ നിന്നല്ലൊ *ശരീരം* മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു."

**"ഏക ശരീരം" (5)**

റോമർ 12:5
"അതുപോലെ പലരായ നാം ക്രിസ്തുവിൽ *ഒരു ശരീരവും* എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു."

1 കൊരിന്ത്യർ 12:13
"നാം എല്ലാവരും ഏകശരീരമാകുമാറു *ഒരേ ആത്മാവിൽ* സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു."

എഫെസ്യർ 2:14–16
"അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ... ക്രൂശിൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും *ഏകശരീരത്തിൽ* ദൈവത്തോടു നിരപ്പിപ്പാനും തന്നേ."

എഫെസ്യർ 4:4
"നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി വിളിച്ചതുപോലെ, *ശരീരം ഒന്നു*; ആത്മാവു ഒന്നാകുന്നു."

കൊലൊസ്യർ 3:15
"ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ; ഇതിനല്ലോ നിങ്ങൾ *ഏകശരീര*മായി വിളിക്കപ്പെട്ടിരിക്കുന്നത്."

---

കുറിപ്പുകൾ

[1]ജെയിംസ് എസ്. സ്റ്റ്യവർട്ട്, *ഏ മാൻ ഇൻ ക്രൈസ്റ്റ്* (ലണ്ടൻ: ഹോഡർ ആന്റ് സ്റ്റൗട്ടന്റ്, 1947), 157. [2]ദ നെസ്‌ലേയുടെ ഗ്രീക്കു പുസ്തകം വായിക്കുന്നതു "ഇൻടു ക്രൈസ്റ്റ്" എന്നാണ്. [3]നെസ്‌ലേയുടെ ഗ്രീക്കു പുസ്തകമനുസരിച്ചു ആ വേദ ഭാഗം വാസ്തവത്തിൽ പറയുന്നതു "ഇൻ ദ ക്രൈസ്റ്റ്" എന്നാണ്. [4]ദ നെസ്‌ലേസ് ഗ്രീക്കു പുസ്തകത്തിൽ "ഇൻ ദ ക്രൈസ്റ്റ് ജീസസ്" എന്നാണ്. [5]ദ നെസ്‌ലേസ് ഗ്രീക്കു പുസ്തകത്തിൽ "ത്രൂ ജീസസ്" എന്നാണ്. [6]എൻ. എ എസ് ബി യിൽ "ഇൻ ഹിം" എന്നാണെങ്കിലും, ദ നെസ്‌ലേസ് ഗ്രീക്കു പുസ്തകത്തിൽ "ഇൻ ഹൂം" എന്നാണ്. [7]ദ നെസ്‌ലേസ് ഗ്രീക്കു പുസ്തകത്തിൽ "ഇൻ ഹൂം ആൾസോ ..." [8]എൻ എ എസ് ബി യിൽ ഈ വാക്യത്തിൽ രണ്ടു പ്രാവശ്യം "അവനിൽ" എന്നാണെങ്കിലും, ദ നെസ്‌ലേസ് ഗ്രീക്കു പുസ്തകത്തിൽ "ഇൻ ഹൂം" എന്നാണ്. [9]എൻ എ എസ് ബി യിൽ "ഇൻ ഹിം" എന്നാണെങ്കിലും ദ നെസ്‌ലേസ് ഗ്രീക്കു പുസ്തകത്തിൽ "ഇൻ ഹൂം" എന്നാണ്. [10]ദ നെസ്‌ലേസ് ഗ്രീക്കു പുസ്തകത്തിൽ "ജോയിന്റ് - ബോഡി" എന്നാണ്.